## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4845**

**21/10/2011-ൽ മറുപടിക്ക്**

### ക്ഷീരസാഗര പദ്ധതി

**ചോദ്യം**

ശ്രീ. കോടിയേരി ബാലകൃഷ്ണൻ:

കുടുംബശ്രീയുടെ നേതൃത്വത്തിൽ ക്ഷീരസാഗര പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് എവിടെയെല്ലാം പാൽവിതരണ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ?

**ഉത്തരം**

**ഡോ. എം. കെ. മുനീർ**
**(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)**

കുടുംബശ്രീയുടെ നേതൃത്വത്തിൽ ക്ഷീരസാഗരം പദ്ധതിയുടെ ഭാഗമായി ഇടുക്കി ജില്ലയിൽ നെടുംകണ്ടം ബ്ലോക്കിൽ ഏഴ് ഗ്രാമപഞ്ചായത്തുകളിലായി ആകെ 137 പാൽ ഉൽപാദകയൂണിറ്റുകൾ നിലവിലുണ്ട്. ഈ 137 യൂണിറ്റുകൾ ക്ഷീരസഹകരണ സംഘങ്ങൾ മുഖേനയാണ് പാൽ വിതരണം ചെയ്യുന്നത്. കൂടാതെ ഒരു യൂണിറ്റ്, പാൽ ഉൽപ്പന്ന നിർമ്മാണ വിതരണ യൂണിറ്റായും പ്രവർത്തിയ്ക്കുന്നുണ്ട്.
മറ്റ് ജില്ലകളിൽ നേച്ചർ ഫ്രെഷ് മാതൃകയിലാണ് ക്ഷീരസാഗരം പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. ഈ മാതൃകയിൽ പദ്ധതി നടപ്പിലാക്കിയ യൂണിറ്റുകളെ സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു:

| ക്രമ നം. | ജില്ല | പഞ്ചായത്ത് | യൂണിറ്റുകളുടെ എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം (നഗരസഭയുടെ കീഴിൽ) | പൂങ്കുളം - 2<br>വെള്ളാർ -1<br>തിരുവല്ലം-1<br>ഞാണ്ടൂർക്കോണം -2 | 6 എണ്ണം |
| 2 | കൊല്ലം | ശാസ്താംകോട്ട | 1 |
| 3 | കോട്ടയം | തിടനാട് | 1 |
| 4 | ഇടുക്കി | ഉടുമ്പന്നൂർ - 2<br>ഇടവെട്ടി - 1 | 3 |
| 5 | തൃശ്ശൂർ | അളഗപ്പനഗർ | 10 |
| 6 | പാലക്കാട് | കണ്ണാടി | 1 |
| 7 | കാസർഗോഡ് | കാഞ്ഞങ്ങാട് | 1 |
| | | ആകെ | 23 എണ്ണം |

സെക്ഷൻ ഓഫീസർ